# 1. ഐക്യരാഷ്ട്രസംഘടനയ്ക്കു നാൽപ്പതു വയസ്സ്

തുടർന്നു വരുന്ന തലമുറകളെ യുദ്ധവിപത്തിൽനിന്നു സംരക്ഷിക്കുക, മനുഷ്യാവകാശങ്ങളിലും വ്യക്തിയുടെ അന്തസ്സിലും സ്ത്രീ-പുരുഷന്മാരുടെ അവകാശസമത്വത്തിലും വിശ്വാസം ഊന്നിയുറപ്പിക്കുക, അന്താരാഷ്ട്രീയ നിയമവും രാഷ്ട്രങ്ങൾ പരസ്പരമുണ്ടാക്കിയിട്ടുള്ള സന്ധികളും നീതിയും പാലിക്കപ്പെടുന്നതിനു് അനുകൂലമായ സാഹചര്യങ്ങൾ ഉളവാക്കുക, സ്വാതന്ത്ര്യവും സാമൂഹ്യപുരോഗതിയും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ, 1945 ഒക്ടോബർ 24-ാം തീയതി നിലവിൽ വന്ന ഐക്യരാഷ്ട്രസംഘടനയുടെ നാല്പതാം വാർഷികം, ഒട്ടേറെ രാഷ്ട്രത്തലവന്മാരുടെയും പ്രധാനമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ, ഇക്കഴിഞ്ഞ ഒക്ടോബർ 24-ാം തീയതി ന്യൂയോർക്കിൽ, സംഘടനയുടെ ആസ്ഥാനത്തിൽവെച്ചു് ആഘോഷിക്കപ്പെടുകയുണ്ടായി.

നാല്പതു വർഷംമുമ്പു് അമ്പത്തൊന്നു് അംഗങ്ങളുമായി ആരംഭിച്ച ഐക്യരാഷ്ട്രസംഘടനയിൽ ഇന്നു് നൂററമ്പത്തൊമ്പതു് സ്വതന്ത്രരാഷ്ട്രങ്ങൾ അംഗങ്ങളാണു്. ഐക്യരാഷ്ട്രസംഘടനയുടെ പാർലമെൻറ് എന്നു വിവരിക്കാവുന്ന 'ജനറൽ അസംബ്ളി'യിൽ അമേരിക്കപോലെയുള്ള ഒരു വൻരാഷ്ട്രത്തിനും മാലദ്വീപുപോലെയുള്ള ഒരു ചെറുരാഷ്ട്രത്തിനും ഒരുപോലെ ഓരോ വോട്ടേ ഉള്ളൂ. ആ അർത്ഥത്തിൽ, രാഷ്ട്രങ്ങൾക്കിടയിൽ സമത്വം നടപ്പിലാക്കാൻ ഐക്യരാഷ്ട്രസംഘടനയ്ക്കു കഴിഞ്ഞിട്ടുണ്ടു്.

പതിനഞ്ചംഗങ്ങളുള്ള 'സെക്യൂരിററി കൗൺസിൽ' ആണു് ഐക്യരാഷ്ട്രസംഘടനയുടെ പ്രധാന ഘടകം. രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധമുണ്ടാകാതെ നോക്കേണ്ടചുമതല സെക്യൂരിററി കൗൺസിലിനത്രേ. അമേരിക്ക, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാഷ്ട്രങ്ങൾ ഈ കൗൺസിലിലെ സ്ഥിരാംഗങ്ങളാണു്; മററു പത്തംഗങ്ങളെ ജനറൽ അസംബ്ളിയിൽനിന്നു നിശ്ചിതകാലത്തേക്കു തെരഞ്ഞെടുക്കുന്നു. സ്ഥിരാംഗങ്ങൾക്കു് സെക്യൂരിററി കൗൺസിലിൻെറ ഏതു തീരുമാനവും ഇഷ്ടമല്ലെങ്കിൽ തള്ളിക്കളയാം. 'വീറേറാ' (നിഷേധവോട്ടു്) ഉപയോഗിക്കുന്നതിനു് സ്ഥിരാംഗങ്ങൾക്കുള്ള ഈ അധികാരം, വൻശക്തികൾക്കു പരസ്പരം യോജിപ്പില്ലാത്ത പ്രശ്നങ്ങളിൽ എന്തെങ്കിലും നടപടിയെടുക്കുന്നതിനു് ഐക്യരാഷ്ട്രസംഘടനയ്ക്കു സാദ്ധ്യമല്ലെന്ന സ്ഥിതി വരുത്തിയിരിക്കുന്നു. രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതു് ഇപ്പോഴും സ്വാർത്ഥചിന്തതന്നെയാണു്. വൻശക്തികൾ, അവ വൻശക്തികളാണെന്ന കാരണത്താൽത്തന്നെ, പരസ്പരം ശത്രുത പുലർത്തുകയെന്നതും സ്വാഭാവികമാകുന്നു. ഐക്യരാഷ്ട്രസംഘടനയുടെ ദൗർബല്യത്തിൻെറ അടിസ്ഥാനകാരണം ഇതത്രേ. ഐക്യരാഷ്ട്രസംഘടന സ്ഥാപിക്കപ്പെട്ടതിനു

ശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി നൂറിലധികം യുദ്ധങ്ങൾ നടന്നിട്ടുണ്ട്. ഇവയിൽ പലതിലും സംഘടനയിൽ അംഗങ്ങളായ വൻശക്തികൾ നേരിട്ട പങ്കാളികളുമായിരുന്നു. നേരിട്ട പങ്കില്ലാത്തപ്പോൾ ത്തന്നെ, ആയുധം നല്കിയും, മററുവിധത്തിലും, വൻശക്തികൾ പ്രോത്സാഹിപ്പിക്കാത്തപക്ഷം ഒരു യുദ്ധവും ഭൂമിയിൽ ഇന്നു നടക്കുക സാദ്ധ്യമല്ല. ഉണ്ടായ യുദ്ധങ്ങൾ പടർന്നുപിടിച്ച ലോകവ്യാപകങ്ങളായി മാറാതിരിക്കാൻ ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിററി കൗൺസിൽ ഉപകരിച്ചിട്ടില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും, യുദ്ധമെന്ന പ്രാകൃതത്വത്തെ നിയമം മൂലം തടയാനുള്ള കഴിവ് മനുഷ്യവർഗത്തിനു് ഇനിയും കൈവന്നിട്ടില്ല.

ജർമനി, ഇററലി, ജപ്പാൻ എന്നീ രാഷ്ട്രങ്ങൾക്കെതിരെ നടന്ന രണ്ടാം മഹായുദ്ധത്തിൽ ജയിച്ച രാഷ്ട്രങ്ങളാണ് ഐക്യരാഷ്ട്രസംഘടന സ്ഥാപിച്ചതു്. രണ്ടാം മഹായുദ്ധം അവസാനിക്കുമ്പോഴേക്കും, അതിൽ ജയിച്ച രാഷ്ട്രങ്ങൾ പരസ്പരം മത്സരിക്കുന്ന രണ്ടു ചേരികളായി തിരിഞ്ഞുകഴിഞ്ഞിരുന്നു. രണ്ടാം മഹായുദ്ധത്തിൽ ഏററവുമധികം നാശം സംഭവിച്ച രാഷ്ട്രം സോവിയററ് യൂണിയനാണ്. രണ്ടു കോടിയിലേറെ റഷ്യക്കാർ ആ യുദ്ധത്തിൽ മരിച്ചു. ആ രാഷ്ട്രത്തിന്റെ സാമ്പത്തികവ്യവസ്ഥയുടെ അടിത്തറപോലും യുദ്ധത്തിൻഫലമായി തകർന്നുപോയി. രണ്ടാം മഹായുദ്ധം അതിലേർപ്പെട്ട കക്ഷികളിൽ ഏററവും കുറച്ചു ദോഷംചെയ്തതു് അമേരിക്കയ്ക്കായിരുന്നു. യുദ്ധംകൊണ്ടു് അമേരിക്ക കൂടുതൽ സമ്പന്നവും ശക്തവുമാവുകയാണുണ്ടായതു്. മററാർക്കുമില്ലാതിരുന്ന ആററംബോംബ് എന്ന സംഹാരായുധം യുദ്ധാവസാനത്തിൽ അമേരിക്കയുടെ കൈവശം വന്നുചേരുകയുംചെയ്തിരുന്നു.

ഇക്കാരണങ്ങളാൽ ഐക്യരാഷ്ട്രസംഘടനയുടെ ആദ്യവർഷങ്ങളിൽ, അതിനകത്തു ഭരണകക്ഷിയുടെ സ്ഥാനം അമേരിക്കയ്ക്കും, പ്രതിപക്ഷ കക്ഷിയുടെ സ്ഥാനം സോവിയററ് റഷ്യയ്ക്കുമായിരുന്നു എന്നു പറയാം. ബ്രിട്ടൻ, ഫ്രാൻസ്, ഹോളണ്ട്, പോർത്തുഗൽ, സ്പെയിൻ എന്നീ യൂറോപ്യൻ സാമ്രാജ്യങ്ങൾ അടക്കിവെച്ചിരുന്ന കോളനികൾ സ്വാതന്ത്ര്യം നേടുന്നതിലും, അവയിൽ ജനാധിപത്യസർക്കാരുകൾ നിലവിൽവരുന്നതിലും അമേരിക്കയ്ക്കും സോവിയററ്‌യൂണിയനും ഒരുപോലെ താല്പര്യമുണ്ടായിരുന്നു. ഏഷ്യയിലും ആഫ്രിക്കയിലുംനിന്നു് കൊളോണിയലിസം തുടച്ചുമാററുന്നതിനും, നവസ്വതന്ത്രങ്ങളായ മുൻകോളനികളിൽ വ്യവസ്ഥാപിതഭരണവും പുരോഗതിക്കുള്ള അസ്തിവാരവും സ്ഥാപിക്കുന്നതിനും ഐക്യരാഷ്ട്രസംഘടന വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല.

യുദ്ധംകൊണ്ടു തകർന്ന പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളും ജപ്പാനും അമേരിക്കയുടെ സഹായംകൊണ്ടു് അതിവേഗം സാമ്പത്തികപുരോഗതി നേടി. കഠിനാദ്ധ്വാനത്തിലൂടെ സോവിയററ് റഷ്യ സാമ്പത്തികാഭിവൃദ്ധി കൈവരിച്ചു. ആററം ആയുധങ്ങളും അവ ലക്ഷ്യങ്ങളിൽ വിക്ഷേപിക്കുന്നതിനുള്ള റോക്കററുകളും മററു യുദ്ധോപകരണങ്ങളും നിർമിക്കുന്നതിലും റഷ്യ അമേരിക്കയോടൊപ്പമെത്തി. ഇതിനിടെ, ഐക്യരാഷ്ട്രസംഘടനയുടെ സ്ഥാപകാംഗങ്ങളിൽ ഒന്നായിരുന്ന കോമിന്താങ് ചൈന അപ്രത്യക്ഷമാവുകയും, അതിന്റെ സ്ഥാനം ജനകീയചൈന കൈയടക്കുകയുംചെയ്തുകഴിഞ്ഞിരുന്നു നവസ്വതന്ത്രങ്ങളായ മുൻകോളനിരാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസംഘടനയിലേക്കു തള്ളിക്കയറുകയും, 'മൂന്നാം ചേരി' എന്ന പേരിൽ ഒത്തുചേരുകയുംചെയ്തതായിരുന്നു മറെറാരു പ്രസ്താവ്യമായ സംഭവവികാസം. ഇതിന്റെയൊക്കെ ഫലമായി, ഐക്യരാഷ്ട്രസംഘടനയ്ക്കുള്ളിൽ, ഭരണകക്ഷിയുടെ സ്ഥാനം വഹിച്ചിരുന്ന അമേരിക്ക

പ്രതിപക്ഷകക്ഷിയുടെ സ്ഥാനത്തും, പ്രതിപക്ഷകക്ഷിയുടെ സ്ഥാനം വഹിച്ചിരുന്ന സോവിയററ് യൂണിയൻ ഭരണകക്ഷിസ്ഥാനത്തും എത്തിച്ചേർന്ന നിലയാണ് ഇപ്പോൾ ഉള്ളത്. ഈ രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ നടന്ന 'ശീതസമരം' (കോൾഡ് വാർ) ലോകവ്യാപകങ്ങളായ ദുഷ്ഫലങ്ങൾ ഉളവാക്കുകയുണ്ടായി. അമേരിക്കയ്ക്കും സോവിയററ് യൂണിയനും ഇടയിൽ നിലവിലുള്ള അണ്വായുധപ്പന്തയമാണ് മനുഷ്യവർഗത്തിന്റെ മുന്നിൽ ഇന്നുള്ള മഹാഭീഷണി. മനുഷ്യർക്കിടയിൽ പട്ടിണിക്കാരും നിരക്ഷരരും രോഗികളും ഇപ്പോഴും ഉണ്ടെങ്കിൽ, അതിനു വലിയ ഒരളവോളം ഉത്തരവാദിത്തം വഹിക്കേണ്ടതു് വൻശക്തികൾക്കിടയിലെ ഈ ആയുധപ്പന്തയമാകുന്നു. എന്നാൽ, ഐക്യരാഷ്ട്രസംഘടനയ്ക്കകത്തുവെച്ച്, ചർച്ചകളിലൂടെ അമേരിക്ക—റഷ്യാമത്സരം പരിഹരിക്കപ്പെടുമെന്ന് ഇന്ന് ആരും വിശ്വസിക്കുന്നില്ല. ഈ നവംബർമാസത്തിൽ ജനീവയിൽ വെച്ച് അമേരിക്കൻ പ്രസിഡണ്ട് റേയ്ഗനും, റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രക്കമ്മിററി സെക്രട്ടറി ഗോർബച്ചേവും തമ്മിൽ നടക്കാനിരിക്കുന്ന ഉച്ചകോടിസമ്മേളനം വൻശക്തികളുടെ സംഘർഷത്തിന് അയവുവരുത്തിയേക്കാമെന്നേ ഇപ്പോൾ ആശയുള്ളു.

രണ്ടാം മഹായുദ്ധാവസാനത്തിൽ സ്വയംഭരണം ഇല്ലാതിരുന്ന ഏതാനും മുൻ കോളനികളുടെ മേൽനോട്ടം വഹിക്കുന്നതിനു രൂപവല്ക്കരിക്കപ്പെട്ട ഐക്യരാഷ്ട്രസംഘടനാഘടകമാണ് 'ട്രസ്റ്റിഷിപ്പ് കൗൺസിൽ'. മുൻ കോളനികൾ മിക്കതും സ്വതന്ത്രരാഷ്ട്രങ്ങളായിട്ടുണ്ട്. എന്നാൽ, ഇവയിലൊന്നായ നമീബിയ ഇപ്പോഴും തെക്കെ ആഫ്രിക്കയുടെ ചവിട്ടടിയിൽക്കിടന്നു ഞെരിയുകയാണ്. നമീബിയയ്ക്കു സ്വാതന്ത്ര്യം നൽകണമെന്ന പ്രമേയം ഏഴു വർഷംമുമ്പ് ഐക്യരാഷ്ട്രസംഘടന അംഗീകരിച്ചിരുന്നു. ഈ പ്രമേയം നടപ്പിൽ വരുത്തുന്നതിന് ഐക്യരാഷ്ട്രസംഘടനയ്ക്ക് ഇനിയും സാധിച്ചിട്ടില്ല. തെക്കെ ആഫ്രിക്കയിൽ നിലവിലുള്ള വർഗപ്പൃഥക്ത്വസിദ്ധാന്തവും (അപ്പാർത്ത്ഹൈഡ്) ഐക്യരാഷ്ട്രസംഘടന നിരാകരിച്ചിട്ടുണ്ട്. പക്ഷെ, അമേരിക്ക, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങൾ പിൻതുണ നൽകുന്നതു നിമിത്തം തെക്കെ ആഫ്രിക്കയ്ക്ക് ഇപ്പോഴും ഐക്യരാഷ്ട്രസംഘടനയെ ധിക്കരിക്കാൻ കഴിയുന്നു. ഇസ്രായേലിന്റെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെ. തങ്ങൾക്കു ചുററുമുള്ള അറബിപ്രദേശങ്ങൾ ആക്രമിച്ചു കീഴടക്കി കൈവശംവയ്ക്കാനും, ഇറാക്കും ഉഗാണ്ടയും ടുണീഷ്യയുംപോലുള്ള മററു രാജ്യങ്ങളിൽ വ്യോമാക്രമണങ്ങൾ നടത്താനും ഐക്യരാഷ്ട്രസംഘടനയെ പരസ്യമായി വെല്ലുവിളിക്കാനും ഇസ്രായേലിനു ധൈര്യവും ശക്തിയും നൽകുന്നതു്, അമേരിക്കയുടെ പിൻതുണ ഒന്നുമാത്രമാണ്.

ഐക്യരാഷ്ട്രസംഘടനയുടെ മറെറാരു ഘടകം ഹോളണ്ടിൽ ഹേഗ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കോടതിയാകുന്നു. ഈ കോടതിയുടെ വിധികൾക്ക് ശുപാർശയെന്നതിൽ കവിഞ്ഞ നിയമസാധുതയില്ല.

ദരിദ്രരാജ്യങ്ങളുടെ സാമൂഹ്യ—സാമ്പത്തികവികസനത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് ഐക്യരാഷ്ട്രസംഘടനയുടെ മറെറാരു ഘടകമായ 'സാമ്പത്തിക—സാമൂഹ്യകൗൺസിൽ'. ഭക്ഷ്യകാർഷികസംഘടന (എഫ്. എ. ഒ.), ഐക്യരാഷ്ട്രവിദ്യാഭ്യാസ—ശാസ്ത്ര—സംസ്കാരസംഘടന (യുനെസ്കോ), ലോകാരോഗ്യസംഘടന (ഡബ്ല്യു. എച്ച്. ഒ.), അന്താരാഷ്ട്രീയനാണയനിധി (ഐ. എം. എഫ്.), ലോകബാങ്ക്, അന്താരാഷ്ട്രീയ തൊഴിൽസംഘടന (ഐ. എൽ. ഒ.) തുടങ്ങി പല ഏജൻസികളും ഈ കൗൺസിലിന്റെ കീഴിലാണു പ്രവർത്തിക്കുന്നതു്. വേണ്ടത്ര പണമില്ലെന്നതിനാൽ ഈ ഏജൻസികളിൽ പലതിന്റെയും പ്രവർത്തനം മന്ദ

ഗതിയിലായിരിക്കുന്നു. വിദ്യാഭ്യാസ–ശാസ്ത്ര–സംസ്കാരസംഘടനയിൽനിന്ന് അമേരിക്ക വിട്ടുപോയിരിക്കുന്നു. അതിൽനിന്നു വിട്ടുപോകുമെന്ന് ബ്രിട്ടൻ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അമേരിക്ക മുൻകൈയെടുത്ത് ഉണ്ടാക്കിയതും, തുറന്ന കടലുകളിലെ അടിയിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള വിഭവങ്ങൾ ന്യായസംഗതമായി രാഷ്ട്രങ്ങൾക്കിടയിൽ വിഭജിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ അന്താരാഷ്ട്രീയ സമുദ്രസന്ധിയിൽ അമേരിക്ക ഇനിയും ഒപ്പുവെച്ചിട്ടില്ല. ദരിദ്രരാജ്യങ്ങളുടെ ദുർവഹമായ കടഭാരം ലഘൂകരിക്കുന്നതിനും അമേരിക്കയുടെ നേതൃത്വത്തിലുള്ള സമ്പന്നരാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല. തെക്കെ അമേരിക്കയിലെ രാഷ്ട്രങ്ങൾ ഇപ്പോൾ നാല്പതിനായിരം കോടി ഡോളറോളം അമേരിക്കൻ ബാങ്കുകൾക്ക് കടപ്പെട്ടിരിക്കുന്നു. ഇതിന്റെ പലിശയായി അവർ ആണ്ടുതോറും നാലായിരംകോടിമുതൽ അയ്യായിരംകോടിവരെ ഡോളർ ഈ ബാങ്കുകൾക്ക് അടയ്ക്കേണ്ടതുണ്ട്. കയറ്റുമതികളിലൂടെ തങ്ങൾക്കു കിട്ടുന്ന വിദേശനാണ്യം മുഴുവൻ ഉപയോഗിച്ചാലും ഈ കടപ്പലിശ അടച്ചുതീർക്കാനാവില്ലെന്നതിനാൽ, ഈ രാഷ്ട്രങ്ങൾ വീണ്ടും കടം വാങ്ങിക്കൊണ്ടിരിക്കുകയാണ്. കടം കേറി മുടിഞ്ഞ രാഷ്ട്രങ്ങൾ തെക്കെ അമേരിക്കയ്ക്കു പുറമെയുമുണ്ട്. ധനികരാഷ്ട്രങ്ങൾ ഈ കടമത്രയും ദരിദ്രരാജ്യങ്ങൾക്ക് സ്വമേധയാ ഇളവു ചെയ്തുകൊടുക്കണമെന്നാണ് ക്യൂബയിലെ കാസ്ട്രോവും മറ്റും ആവശ്യപ്പെടുന്നത്. അങ്ങനെ അവർ ഇളവു ചെയ്യാത്തപക്ഷം, കടം തിരിച്ചടയ്ക്കുകയില്ലെന്ന് അധമർണരാഷ്ട്രങ്ങൾ ഏകപക്ഷീയമായി പ്രഖ്യാപിക്കണം എന്നും അവർ പറയുന്നു. ഏറെക്കുറെ സംഗതികൾ ഈ ദിശയിലേക്കു നീങ്ങുകയാണെന്നു തോന്നുന്നു. ലോകവ്യാപകമായിരിക്കും ഇതിന്റെ പ്രത്യാഘാതങ്ങൾ.

ഐക്യരാഷ്ട്രസംഘടനയ്ക്കകത്ത് സാമ്പത്തികമായി പുരോഗതി നേടിയ ഒരു വിഭാഗമാണ് പടിഞ്ഞാറൻ ജർമനി, ഫ്രാൻസ്, ഇറ്റലി, ബ്രിട്ടൻ മുതലായ പാശ്ചാത്യ യൂറോപ്യൻരാഷ്ട്രങ്ങൾ. ജപ്പാൻ, കൊറിയ, സിംഗപ്പൂർ മുതലായ പൗരസ്ത്യരാഷ്ട്രങ്ങളും അങ്ങനെതന്നെ രാഷ്ട്രീയകാര്യങ്ങളിൽ അമേരിക്കയുടെ നേതൃത്വത്തിനു വഴങ്ങിനിൽക്കുന്ന ഈ രാഷ്ട്രങ്ങൾ സ്വതന്ത്രമായ നിലപാടെടുക്കാൻ ധൈര്യപ്പെടുന്നപക്ഷം ഐക്യരാഷ്ട്രസംഘടന കുറെക്കൂടി സക്രിയമാവും. ആ സംഘടനയെ ഇപ്പോൾ മിക്കവാറും പക്ഷാഘാതബാധിതമാക്കിയിട്ടുള്ള അമേരിക്കൻ–റഷ്യൻമത്സരത്തിന്റെ ദുഷ്ഫലങ്ങൾ കുറെയെങ്കിലും ഒഴിവാക്കാൻ ഇതുമൂലം സാധ്യമായേക്കും. ഐക്യരാഷ്ട്രസംഘടന ഇപ്പോൾ ഉപകരിക്കുന്നത്, മിക്കവാറും അന്താരാഷ്ട്രീയപ്രശ്നങ്ങൾ തുറന്നു ചർച്ചചെയ്യുന്നതിനുള്ള ഒരുവേദി എന്ന നിലയ്ക്കാണ്. ചർച്ചയ്ക്കുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതാകട്ടെ, മുഖ്യമായും, മൂന്നാംചേരിയിൽപ്പെട്ട രാഷ്ട്രങ്ങളുമാണ്. മൂന്നാംചേരിരാഷ്ട്രങ്ങളും അമേരിക്കയൊഴികെയുള്ള 'ജനാധിപത്യ' രാഷ്ട്രങ്ങളും പരസ്പരം കൂടുതൽ അടുക്കുന്നതിനു തീർച്ചയായും ധാരാളം ന്യായീകരണങ്ങളുണ്ട്.

ആറ്റംബോംബും ഹൈഡ്രജൻബോംബും ലേസർരശ്മികളും മറ്റു ഭീകര ആയുധങ്ങളും ഉപയോഗിച്ചുള്ള ഒരു മഹായുദ്ധം നാല്പതു വർഷത്തേക്ക് ഒഴിവാക്കി എന്നത്, തീർച്ചയായും, ഐക്യരാഷ്ട്രസംഘടനയുടെ വിജയമാണ്. സർവനാശത്തിന്റെ ഭീഷണിയിൽനിന്നു മനുഷ്യവർഗത്തെ എന്നെന്നേക്കുമായി മോചിപ്പിക്കാൻ ഇനിയും അതിന് സാധിച്ചിട്ടില്ലെന്നത് അതിന്റെ പരാജയവും. ദാരിദ്ര്യത്തിൽനിന്ന് മനുഷ്യനെയും പ്രദൂഷണത്തിൽനിന്നു പ്രകൃതിയെയും സംരക്ഷിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക്, ആവശ്യമായ അടിയന്തരബോധത്തോടെ, ഐക്യരാഷ്ട്രസംഘടന നേതൃത്വം നൽകാനാരംഭിച്ചിട്ടുണ്ടെന്നും പറഞ്ഞുകൂടാ. ഒക്ടോബർ 24–ാം തീയ

തി ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലിയെ സംബോധനചെയ്തുകൊണ്ട് ശ്രീ രാജീവ്ഗാന്ധി പറഞ്ഞതുപോലെ, രണ്ടായി പിളർന്നതും, അണുയുദ്ധഭീഷണിക്ക് വിധേയവും സാമ്പത്തികാസമത്വങ്ങൾ നിറഞ്ഞതും പരസ്പരം അവിശ്വാസം പുലർത്തുന്നതുമായ ഒരു ലോകത്തിലാണ് ഐക്യരാഷ്ട്രസംഘടന പ്രവർത്തിക്കുന്നത്. രണ്ടു വിരുദ്ധ പട്ടാളക്യാമ്പുകളായി തിരിഞ്ഞുനിൽക്കുന്നു എന്നതാണ് മനുഷ്യവർഗത്തിന്റെ മുമ്പിൽ ഇന്നുള്ള ഏററവും വലിയ ഭീഷണി. സമാധാനപരമായ സഹവർത്തിത്വം എന്ന ഐക്യരാഷ്ട്രസംഘടനയുടെ അടിസ്ഥാനതത്ത്വംതന്നെ ഇന്നു ചോദ്യംചെയ്യപ്പെട്ടിരിക്കുകയാണ്: ഭൂമിയെന്ന ഈ ഗോളം തകർന്നുപോകാതെനോക്കുന്നതിൽ നമുക്കെല്ലാം ഒരുപോലെ താല്പര്യം ഉണ്ടാകണം. നിരായുധീകരണത്തിനുള്ള രചനാത്മകനിർദേശങ്ങൾ ആത്മാർത്ഥതയോടെ പരിശോധിക്കപ്പെടണം.

ഭ്രമമൂലമായ അവിശ്വാസം അകററി, സമാധാനത്തിന്റെയും നിർമ്മാണത്തിന്റെയും മാർഗത്തിലേക്കു വൻശക്തികളെ തിരിച്ചുകൊണ്ടുവരുവാനുള്ള പരിശ്രമങ്ങളുടെ വേദി എന്ന നിലയിൽ ഐക്യരാഷ്ട്രസംഘടനയുടെ പ്രാധാന്യം, നാല്പത്തൊന്നാം വയസ്സിലും അതിന് ഇല്ലാതായിട്ടില്ല.

28 ഒക്ടോബർ, 1985

# 2. അറബിക്കടലിൽ ഒരു പുതിയ സൈനിക ശക്തി

മധ്യപൗരസ്ത്യദേശത്തിന്റെ ഒരു ഭൂപടം എടുത്തു നോക്കുക. അറേബ്യൻ (പേഴ്സ്യൻ)ഉൾക്കടലിനും ചെങ്കടലിനുമിടയ്ക്ക് ഒരു കോടാലിത്തലപ്പുപോലെ അറേബ്യൻ ഉപദ്വീപ് അറബിക്കടലിലേക്കു തള്ളിക്കിടക്കുന്നു. ഈ ഉപദ്വീപിനെ, വടക്കുഭാഗത്ത് ഇറാക്ക്, യോർദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ വലയംചെയ്യുന്നു. ഇറാക്കിനു താഴെ, പേഴ്സ്യൻ ഉൾക്കടലിന്റെയും അറബിക്കടലിന്റെയും തീരത്തായി കുവൈത്ത്, ബഹ്റൈൻ, ഖത്തർ, ഒമാൻ എന്നിവയും, 'യുണൈറ്റഡ് അറബ് എമിറൈറ്റുകൾ' എന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന ഏഴു സ്റ്റേറ്റുകളുടെ ശൃംഖലയും കാണാം. അറബിക്കടലിൽനിന്നു ചെങ്കടലിലേക്കു പ്രവേശിക്കുന്നിടത്ത് തെക്കും വടക്കുമായി വിഭജിക്കപ്പെട്ട യെമൻ കിടക്കുന്നു. യെമനു മുകളിൽ, ചെങ്കടൽവരെ പരന്ന് സൗദി അറേബ്യ സ്ഥിതിചെയ്യുന്നു.

ഒന്നരനൂററാണ്ടുകാലം ഗൾഫ് പ്രദേശത്ത് ആധിപത്യം പുലർത്തിയ ബ്രിട്ടീഷ്സൈന്യം 1971–ൽ അവിടെനിന്നു പിൻവാങ്ങി. മണ്ണിനടിയിൽ സമൃദ്ധമായി സംഭരിക്കപ്പെട്ടിട്ടുള്ള എണ്ണ, ഈ മരുഭൂപ്രദേശത്തിനു മുമ്പേ ഉണ്ടായിരുന്ന സാമ്പത്തികപ്രാധാന്യത്തെ മുമ്പൊരിക്കലുമുണ്ടായിരുന്നിട്ടില്ലാത്തവിധം വർദ്ധിപ്പിക്കുകയുംചെയ്തു. ആധുനിക വ്യാവസായികസംസ്കൃതയുടെ ജീവരക്തം എണ്ണയാണല്ലോ. മദ്ധ്യപൗരസ്ത്യപ്രദേശത്ത് പാശ്ചാത്യ മുതലാളിത്തത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുകയെന്ന ചുമതല ബ്രിട്ടൺ വെച്ചൊഴിഞ്ഞപ്പോൾ, ഏറെറടുത്തത് അമേരിക്കയാണ്. അമേരിക്കയ്ക്ക് ബഹ്റൈനിൽ ഒരു നാവികസങ്കേതവും ഒമാനിലും സൗദി അറേബ്യയിലും വിമാനസേനാസങ്കേതങ്ങളുമുണ്ട്.